**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഏക വരുമാനദായകന്റെ മരണത്തിൽ സമാശ്വാസധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെട്ടുമ്പോൾ ഈ കുടുംബങ്ങൾക്ക് സമാശ്വാസമായി എത്ര രൂപയാണ് നൽകിവരുന്നത്; ഇതിനായി അപേക്ഷ സമർപ്പിക്കേണ്ട രീതിയും ഇതോടൊപ്പം സമർപ്പിക്കേണ്ട രേഖകളും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെട്ടുമ്പോൾ ഈ കുടുംബങ്ങൾക്ക് സമാശ്വാസമായി 2,00,000/- രൂപയാണ് നൽകിവരുന്നത്. മരണം സംഭവിച്ച ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. അപേക്ഷ, ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ് മരണപ്പെട്ട വ്യക്തി ഏക വരുമാനദായകനായിരുന്നുവെന്ന വില്ലേജ് ഓഫീസറുടെയോ തഹസിൽദാരുടെയോ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ, പട്ടികജാതി വികസന ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കു നൽകണം. |
| (ബി) | നിലവിലെ സർക്കാരിന്റെ കാലത്ത് ഉടുമ്പൻചോല മണ്ഡലത്തിൽ നിന്ന് പ്രസ്തുത ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | നിലവിലെ സർക്കാരിന്റെ കാലത്ത് ഉടുമ്പൻചോല മണ്ഡലത്തിൽ നിന്ന് 22 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 8 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ധനസഹായത്തിന് അർഹതപ്പെട്ട കുടുംബങ്ങൾ ധാരാളം ഉണ്ടെങ്കിലും അപേക്ഷകൾ ലഭിക്കുന്നത് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. അർഹതപ്പെട്ടവർ ഈ പദ്ധതിയ്ക്കായുള്ള ആവശ്യമായ രേഖകൾ യഥാസമയം ലഭിക്കാത്തത് മൂലം നിശ്ചിത കാലാവധി കഴിഞ്ഞ് അപേക്ഷകൾ ലഭ്യമാകുന്നുണ്ട്. SC പ്രൊമോട്ടർമാർ, ജനപ്രതിനിധികൾ എന്നിവർക്ക് പദ്ധതിയെക്കുറിച്ച് ആവശ്യമായ അവബോധം നൽകി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എങ്കിൽ അർഹതയുള്ള കുടുംബങ്ങൾ എല്ലാം അപേക്ഷ സമർപ്പിക്കുന്നുവെന്നും ഇവർക്ക് | (ഡി) | ഇല്ല. അർഹതപ്പെട്ടവർ ഈ പദ്ധതിയ്ക്കായുള്ള ആവശ്യമായ രേഖകൾ യഥാസമയം ലഭിക്കാത്തത് മൂലം നിശ്ചിത കാലാവധി കഴിഞ്ഞ് അപേക്ഷകൾ |

| | | | |
|---|---|---|---|
| | ധനസഹായം ലഭിക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | ലഭ്യമാകുന്നുണ്ട്. SC പ്രൊമോട്ടർമാർ, ജനപ്രതിനിധികൾ എന്നിവർക്ക് പദ്ധതിയെക്കുറിച്ച് ആവശ്യമായ അവബോധം നൽകി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ? | (ഇ) | പദ്ധതി നിഷ്കർഷിക്കുന്ന നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യുന്ന വേളയിൽ തന്നെ ബന്ധപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിയെ കുറിച്ച് വിവരം നൽകുന്നതിനും അപേക്ഷ കാലതാമസം കൂടാതെ സമർപ്പിക്കുന്നതിനും പ്രൊമോട്ടർമാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ